സർക്കാർ ആയുർവേദ ആശുപത്രികളിലേക്കാവശ്യമായ ഔഷധങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി

62 (1789) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആയുർവേദ ആശുപത്രികളിലേക്കാവശ്യമായ ഔഷധങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം എന്താണ് ;

(ബി) സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽനിന്ന് മാത്രമേ ഔഷധങ്ങൾ വാങ്ങാവൂ എന്ന നിബന്ധന നിലവിലുണ്ടോ ;

(സി) മരുന്നുകൾ വാങ്ങുന്നതിന് സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ പണമടച്ചിട്ടും അവ ലഭ്യമാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭാരതീയ ചികിത്സാവകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ സ്ഥാപനങ്ങൾക്ക് വകുപ്പിനുലഭിക്കുന്ന സ്റ്റേറ്റ്/കേന്ദ്ര ഫണ്ടുകൾ ഉപയോഗിച്ച് ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഔഷധിയിൽ നിന്നും ഔഷധങ്ങൾവാങ്ങി വിതരണം ചെയ്യുന്നു.

(ബി) ഭാരതീയ ചികിത്സാ വകുപ്പിന് ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് ഗവൺമെന്റ് സ്ഥാപനങ്ങൾ വിതരണംചെയ്യുന്ന ഔഷധങ്ങൾ സർക്കാർ നിയന്ത്രണത്തിലുള്ള ഔഷധിയിൽനിന്നും വാങ്ങണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് ഔഷധിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കുഴിക്കാട്ടുശ്ശേരി ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം

63 (1790) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാളമണ്ഡലത്തിലെ ആളൂർ ഗ്രാമപഞ്ചായത്തിലെ കുഴിക്കാട്ടുശ്ശേരി ആയുർവേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി നാലു വർഷം മുമ്പ് പണിതീർത്ത വാർഡിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഈ വാർഡിന്റെ പ്രവർത്തനം ആരംഭിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മാളമണ്ഡലത്തിലെ കുഴിക്കാട്ടുശ്ശേരി ആയുർവേദ ഡിസ്പെൻസറി 10 കിടക്കകളുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമതീരുമാനം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly